കേരള സർക്കാർ

# കീഴ്മാട് ഗ്രാമപഞ്ചായത്ത്

# 2016-17 വർഷത്തെ

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.5)1648/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :27.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)
കീഴ്മാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കീഴ്മാട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം. കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-9 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം
(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ ഇ.കെ.എം (പി5 )1648/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇ-മെയിൽ -doekm.ksad@gmail.com
ഫോൺ : 0484-2422271

തീയതി.27.09.2017

## എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2016-17

## സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18

എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

. എറണാകുളംജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.ധന്യ ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 04.08.2017 മുതൽ 14.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.അബ്ദുൾ സലാം റ്റി.ഐ. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ഷെഫീക്ക്. എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ബെന്നി സെബാസ്റ്റ്യൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ രമേശ് | 1.04.2016മുതൽ<br>31.03.2017വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.മജീദ് സി.എം | 01.04.2016മുതൽ<br>30.04.2016വരെ |
| | ശ്രീ. മുഹമ്മദ്സിറാജ് പി.എ<br>(സെക്രട്ടറി- ഇൻ-ചാർജ്) | 1.05.2016മുതൽ<br>3.08.2016വരെ |
| | ശ്രീ. വി.ആർ.ജോഗേഷ് കുമാർ | 4.08.2016മുതൽ<br>23.12.2016വരെ |
| | ശ്രീ. ഡാർളി ആന്റണി | 24.12.2016മുതൽ<br>31.03.2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ<br>. | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ്<br>സെക്രട്ടറി | ശ്രീ. മുഹമ്മദ്സിറാജ് പി.എ | 01.04.16 മുതൽ<br>31.03.2017വരെ |

| | | |
|---|---|---|
| വി.ഇ.ഒ. കുട്ടമശ്ശേരി | ശ്രീ.സന്തോഷ്. പി.എം. | 01.04.2016 മുതല്‍ 21.10.2016 വരെ |
| | ശ്രീ.പി.കെ.മുഹമ്മദ് സിദ്ദിക് | 22.10.2016 മുതല്‍ 31.03.2017 വരെ |
| വി.ഇ.ഒ. എടയാറപ്പുറം | ശ്രീമതി. നിഷ. കെ.എ | 01.04.2016മുതല്‍ 31.03.2017 വരെ |
| ഐ.സി. ഡി.എസ്. സൂപ്പര്‍ വൈസര്‍ | ശ്രീമതി.ഫിലോമിന സക്കറിയ | 01.04.2016മുതല്‍ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയര്‍ | ശ്രീമതി.ജസ്ന കെ.മുഹമ്മദ് | 01.04.2016 മുതല്‍ 17.08.2016 വരെ |
| | ശ്രീമതി.ബിജിമോള്‍ ഭാസ്കരന്‍ | 18.08.2016 മുതല്‍ 31.03.2017 വരെ |
| വെറ്ററിനറി സര്‍ജന്‍ | ഡോ.സി.എം സറഫുദ്ദീന്‍ | 01.04.2016മുതല്‍ 31.03.2017 വരെ |
| മെഡിക്കല്‍ ഓഫീസര്‍(PHC) | ഡോ. ലിസ്യൂക്സ് സെബാസ്റ്റ്യന്‍ | 01.04.2016മുതല്‍ 31.03.2017 വരെ |
| മെഡിക്കല്‍ ഓഫീസര്‍ (ആയുര്‍വേദം) | ഡോ.സിമി. എന്‍. | 01.04.2016മുതല്‍ 31.03.2017 വരെ |
| ചീഫ് മെഡിക്കല്‍ ഓഫീസര്‍ (ഹോമിയോ) | ഡോ.എം.ആര്‍..സിന്ധു | 01.04.2016മുതല്‍ 31.03.2017 വരെ |
| എച്ച്.എം ഗവ,എല്‍പി.എസ്. എരുമത്തല | ശ്രീമതി.ജി.രാധ | 01.04.2016മുതല്‍ 31.03.2017 വരെ |
| കൃഷിഓഫീസര്‍ | ശ്രീമതി.ഷാഹിദ പി.എം | 01.04.2016മുതല്‍ 31.03.2017 വരെ |
| ഡയറി ഫാം ഇന്‍സ്ട്രക്ടര്‍ | ശ്രീമതി.സിജി വര്‍ഗ്ഗീസ് | 01.04.2016മുതല്‍ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പര്‍ | പേജ് നമ്പര്‍ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാര്‍ഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാര്‍ഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരങ്ങള്‍ | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികള്‍. | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 | |
| 10 | ക്യാഷ് വെരിഫിക്കേഷന്‍ | 1-10 | |

| | | | |
|---|---|---|---|
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 | |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 | |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-13 | |
| | ഭാഗം 2 | | |
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-1 | |
| 15 | വസ്തു നികുതി തെറ്റായി നിർണ്ണയിച്ച നഷ്ടം 15526 /- രൂപ | 2-2 | |
| 16 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല. | 2-3 | |
| | ഭാഗം 3 | - | |
| 17 | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ. | 3-1 | |
| 18 | ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച് | 3-2 | |
| 19 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ | 3-3 | |
| 20 | ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 3-4 | |
| 21 | നിയമാനുസൃതം ആദായനികുതി പിടിച്ചില്ല - കേന്ദ്ര ഫണ്ടിനുണ്ടായ നഷ്ടം 14549/-രൂപ | 3-5 | |
| 22 | ISRO ക്ക് സമീപമുള്ള പ്രദേശങ്ങളിൽ കുടിവെള്ളവിതരണം - ചെലവ് സംബന്ധിച്ച് | 3-6 | |
| 23 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്സ് – ബില്ലിൽ നിന്നും ആദായനികുതി കുറവു ചെയ്തില്ല | 3-7 | |
| 24 | അങ്കണവാടി നിർമ്മാണം , കൺവീനർക്ക് ചെലവായതിൽ അധികം തുക നല്കി | 3-8 | |
| 25 | ഉപയോഗത്തിലില്ലാത്ത പൊതു ടാപ്പുകൾക്കായി വൻ തുക കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നു | 3-9 | |
| | ഭാഗം 4 | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | |
| 32 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |

| | | | |
|---|---|---|---|
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2016-17) | അനുബന്ധം1 | |
| 36 | ബാലൻസ് ഷീറ്റ് (2016-17) | അനുബന്ധം2 | |
| 37 | റസീപ്റ്റ് ആൻഡ് പേയ്മെന്റ് (2016-17) | അനുബന്ധം3 | |
| 38 | ഇൻകം ആൻഡ് എക്സ് പെന്റിച്ചർ (2016-17) | അനുബന്ധം4 | |

.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 1/3/2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദമായി വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 170424819 | 154308000 |
| വാർഷിക കണക്ക് പ്രകാരം (AFSപ്രകാരം) | 60191280 | 58101066 |

. ഇ.എഫ്.എം.എസ് മുഖേന MGNREGS ബി ഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 10654640/- രൂപയുടെയും 42940940/- രൂപയുടെയും വരവു ചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കുനോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസമുണ്ടെന്ന് കാണാവുന്നതാണ്. ആയതിനാൽ ബജറ്റ് കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2017 | 18.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരങ്ങൾ

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, റസീപ്റ്റ് &പേമെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 25001450 |
| വരവ് | 60191280 |
| ആകെ | 85192730 |
| ചെലവ് | 58101066 |
| നീക്കിബാക്കി | 2,7091664 |

.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10292917 | 10292917 | 10292917 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 4075760 | 4075760 | 4075760 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 88000 | 88000 | 88000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5894140 | 5894140 | 5894140 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2533378 | 2533378 | 2533378 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3751940 | 3751940 | 3751940 | 0 |
| ലോക ബാങ്ക് സഹായം | 0 | 2203000 | 2203000 | 2203000 | 0 |
| MG NREGS | 2456 | 11244621 | 11247077 | 11244344 | 2733 |
| ബി ഫണ്ട് | 0 | 42940940 | 42940940 | 42940940 | 0 |

.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 71374339 | 127 | 40002084 | 8 | 44 | 70% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1)ക്യാൻസർ തുടർ പരിശോധന ക്യാമ്പ്

2)പകർച്ച വ്യാധി പ്രതിരോധ മെഡിക്കൽ ക്യാമ്പ്.

3)കംപ്യൂട്ടർ സർവ്വീസ്

4)ബാല സഭ പ്രവർത്തനങ്ങൾക്ക് തുക നൽകൽ

5) ഐ.എസ്.ഒ സർട്ടിഫിക്കറ്റ്

6)അതുല്ല്യം

7)എസ്.സി.വനിത ഭവന സമുച്ചയം രണ്ടാം ഘട്ടം

## 1-7 തനത് വരുമാനം.

തനത് വരുമാനത്തിൽ പഞ്ചായത്തിന് 2016-17 വർഷം 3.90% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 10191253 | 10137368 | (-) 53885 | (-)0.53% |
| നികുതിയേതര വരവുകൾ | 1005681 | 1843394 | (+) 837713 | (+)83.3 % |
| മറ്റുവരവുകൾ | 1804422 | 512851 | (-) 1291571 | (-) 71.58 % |
| ആകെ | 13001356 | 12493613 | (-)507743 | (+)3.90% |

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32040 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 2508200 | 302 |
| വിധവാപെൻഷൻ | 12450600 | 1269 |
| വാർദ്ധക്യകാല പെൻഷൻ | 24685000 | 2164 |
| വികലാംഗപെൻഷൻ | 2897100 | 346 |
| അൺമാര്യേഡ് വുമൺ പെൻഷൻ | 173000 | 16 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 3 |
| ആകെ | 42940940 | |

സാമൂഹ്യസുരക്ഷിതത്വപെൻഷനുകൾ ഡി.ബി.റ്റി.(ഡയറക്ട് ബെനിഫിറ്റ് സ്കീം) വഴിയാണ് നല്കിവരുന്നത്.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ്-ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

പേഴ്സണൽ രജിസ്റ്റർ : ലഭിക്കുന്ന തപാലുകളെല്ലാം രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്.

ഓഫീസ് മീറ്റിംഗ് മിനുട്സ് ബുക്ക് : ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്.യോഗ തീരുമാനങ്ങൾ/അഭിപ്രായങ്ങൾ മിനുട്സ് ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഗ്രാമസഭ: ഗ്രാമസഭകൾ കൃത്യമായ കാലയളവിൽ ചേരുന്നുണ്ട്.ഗ്രാമസഭകളിൽ പരമാവധി ജനപങ്കാളിത്തവും ചർച്ചകളും ഉറപ്പുവരുത്തുന്നുണ്ട്.

രജിസ്ററുകളുടെ സൂക്ഷിപ്പ് : ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിററ് രജിസ്ററർ, ആസ്തി രജിസ്ററർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2017ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 28019/--രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

.

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് ഉള്ളവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ ലഭിച്ചവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 361 | 11 | 1071 | 1443 | 654 | 576 | 8412 | 174 | 16492 | 25078 | 26 |

.

## 1-12 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് വേളയിൽ നൽകിയ എൻക്വയറിയുടെ (നം.8/17)അടിസ്ഥാനത്തിൽ 9140/-രൂപ തൊഴിൽ നികുതി / ലൈസൻസ്സ് ഫീസ് എന്നി ഇനങ്ങളിൽ അടവാക്കുകയുണ്ടായി.വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | ഇനം | തുക | രശീതിനം./തീയ്യതി |
|---|---|---|---|
| 1 | സ്ഥാപനതൊഴിൽ നികുതി | 2500 | 1170104540/9/8/2017 |
| 2 | സ്ഥാപനതൊഴിൽ നികുതി | 2500 | 1170104592/10/8/2017 |
| 3 | സ്ഥാപനതൊഴിൽ നികുതി | 540 | 1170104584/10/8/2017 |
| 4 | സ്ഥാപനതൊഴിൽ നികുതി | 1250 | 1170104549/10/8/2017 |
| 5 | സ്ഥാപനതൊഴിൽ നികുതി | 1500 | 1170104565/9/8/2017 |
| 6 | ലൈസൻസ്സ് ഫീസ് | 100 | 1170104577/10/8/2017 |
| 7 | ലൈസൻസ്സ് ഫീസ് | 750 | 1170104593/10/8/2017 |
| | ആകെ | 9140 | |

.

## 1-13 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോമൻസ്സ് ഓഡിറ്റ് | 25/07/2017 | ജൂൺ - 2017 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/08/2015 മുതൽ 02/09/2015 വരെ | 2010-11 മുതൽ 2014-15 വരെ | 20/10/2015 |

.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല .

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| 2)കെ.എസ്.ഇ.ബി കീഴ്മാട് | ഒന്ന്, രണ്ട് |
| 3) വൈ.എം .സി.എ കോളേജ്,സൊസൈറ്റിപ്പടി | ഒന്ന്, രണ്ട് |

മേൽ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

.

## 2-2 വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു നഷ്ടം 15526/- രൂപ

2016-17 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന വാണിജ്യ/ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതു മൂലം 15526/- രൂപയുടെ നഷ്ടം ഉണ്ടായി .

.

| നം | വാർഡ് നം. കെട്ടിട നമ്പർ, ഉടമ, ആവശ്യം | വിസ്തീർണ്ണം ച.മീ | നികുതി നിർണ്ണയിക്കേണ്ട നിരക്ക് (29.9.11 ലെ 7(6) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ച നിരക്ക് | അടിസ്ഥാന നികുതി | ഇളവ് വർദ്ധനവ് | ഇളവ്/ വർധനയ്ക്ക് ശേഷം നിർണ്ണയിക്കേണ്ട നികുതി | നികുതി നിർണ്ണയിച്ച നിരക്ക് | ഇളവ്/ വർധനയ്ക്ക് ശേഷം നിർണ്ണയിച്ച നികുതി | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | XVIII/ 566 A, മരയ്ക്കാർ & റഹിയമരയ്ക്കാർ, വാണിജ്യം | 182.15 | 60 | 10929 | 10%മേൽക്കൂര 20% (വഴി സൗകര്യം) | 13115 | 30 | 6011 | 7104 |
| 2 | I /185 A,B,Cകുഞ്ഞുമുഹമ്മദ് ,വാണിജ്യം | 345.71 | 60 | 20743 | 20% (വഴി സൗകര്യം വർദ്ധനവ്) | 24891.12 | 60 | 21365 | 3526 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | XIV/ 79 A,B,രാജു, വാണിജ്യം | 202.05 | 60 | 12123 | 10%(ദ്വീതീയ മേഖല ഇളവ്) | 10911 | 40 | 7274 | 3637 |
| 4 | X/392A,മുജീബ്, ഓഫീസ് | 93.36 | 40 | 3734 | 10% (ദ്വീതീയ മേഖല ഇളവ്) 20% (വഴി സൗകര്യം വർദ്ധനവ്) | 4108 | 30 | 2849 | 1259 |
| | ആകെ | | | | | | | | 15526 |

മേൽ വിഷയം സംബന്ധിച്ച് 10-8-17 ന് നല്കിയ ഓഡിറ്റ് എൻക്വയറി നം 15 ന് ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി നിർണ്ണയിച്ചതിൽ വന്ന കുറവ് സഞ്ചയ ആപ്ളിക്കേഷനിൽ അപ്ഡേറ്റ് ചെയ്ത് ഡിമാന്റ് നോട്ടീസ് നല്കി പിരിച്ചെടുക്കുന്നതാണ് എന്ന് മറുപടി അറിയിച്ചിട്ടുണ്ട്.
നികുതിയിൽ കുറവു വന്ന തുക ബന്ധപ്പെട്ട ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

.

## 2-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ ആകെ 8 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയിൽ 7 ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല. ഇതു മൂലം പഞ്ചായത്തിന് വൻ വരുമാന നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വസ്തു നികുതി അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം 13-14 മുതൽ 2016-17വരെ (4 വർഷങ്ങളിലേക്ക് ) 535336 /- രൂപ 7 ടവറുകളുടെ വസ്തു നികുതി ഇനത്തിൽ ഈടാക്കാനുണ്ട് ആയതിന്റെ വിശദവിവരം ചേർക്കുന്നു.

| ക്രമ നം | വാർഡ്/പേര് | നമ്പർ | പേര് | പേര് | തുക(വസ്തു നികുതിxവർഷം) |
|---|---|---|---|---|---|
| 1 | IV | 194 | | ഐഡിയ കമ്മ്യൂണിക്കേഷൻ | 30550x4=122200 |
| 2 | XIII | 378A | | ബി എസ് എൻ എൽ | 26933x4=107732 |
| 3 | V | 119A | | ബി എസ് എൻ എൽ | 10065x4=40260 |
| 4 | XVI | 66B | | ടവർ വിഷൻ | 15045x4=60180 |
| 5 | X | 387 | | ഭാരതി എയർടെൽ | 7244x4=28976 |
| 6 | XIII | 167A | | ഐഡിയ മൊബൈൽകമ്മ്യൂണിക്കേഷൻ | 17741x4=70964 |
| 7 | VIII | 586A | | ഇൻഡസ് ടവർ | 26253x4=105024 |
| | | | | ആകെ | 535336 |

മൊബൈൽ ടവറുകളുടെ വസ്തു നികുതി 535336 /-രൂപ പിഴ പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക ചെലവവഴിച്ചു

കീഴ്മാട് ഗ്രാമ പഞ്ചായത്തിൽ 2016-17വർഷം മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)നിർവ്വഹിച്ച പ്രോജക്ടാണ് ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ.400000/- രൂപയ്ക്കുള്ള മരുന്ന് വാങ്ങി അതിന്റെ വില ഔഷധിയിൽ നല്കലാണ് പ്രോജക്ട്.പ്രോജക്ട് സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്. | ഗവണ്മെന്റ് ആയുർവ്വേദ ഡിസ്പൻസറി കീഴ്മാടിലേയ്ക്ക് മരുന്ന വാങ്ങൽ |
| പ്രോജക്ട് നം | S0049/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി . കീഴ്മാട്. |
| അടങ്കൽ | 400000/-രൂപ (മെയിന്റനൻസ് റോഡിതരം) |
| ചെലവ് | 400000/-രൂപ |
| ചെലവ് രേഖ | ബിൽനം.1/16-17 തുക 400000/-തീ.17/11/2016 ഡി.ഡി.നം.148474തുക 400000/-തീ.17/11/2016(ഔഷധിയ്ക്ക് പണം നൽകൽ) |

. ഗവൺമെന്റ് ഉത്തരവ് (M.S)നം.71/2008ത.സ്വ.ഭ.വ.തീയ്യതി 12/3/2008 പ്രകാരം സംരക്ഷണഗ്രാന്റ് റോഡിതരത്തിൽനിന്നും അലോപ്പതി/ആയുർവ്വേദ ആശുപത്രികളിലേയ്ക്ക് മരുന്നുകൾ വാങ്ങുമ്പോൾ ഫണ്ടിനത്തിൽ ലഭ്യമായ തുകയുടെ 10% മാത്രമേ ഉപയോഗിക്കാവൂ എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്യുന്നുണ്ട്.2016/17 ഓഡിറ്റ് വർഷം സംരക്ഷണഗ്രാന്റ് റോഡിതരത്തിൽ പഞ്ചായത്തിന് ആകെ ലഭിച്ചത് 2533378/-രൂപയാണ്.ഇതിന്റെ 10% എന്നത് 253338/-രൂപ മാത്രമാണ്. ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങാൻ ചെലവഴിച്ചതാകട്ടെ 400000/-രൂപയും.പദ്ധതി രൂപീകരണ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 146662/-രൂപ കൂടുതലായി മരുന്ന വാങ്ങലിനായി ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2)മരുന്ന ലഭ്യമാക്കിയില്ല.

. മെഡിക്കൽ ഓഫീസറുടെ ആവശ്യപ്രകാരം പഞ്ച കർമ്മ ഒ.പി.ട്രീറ്റ്മെന്റിനായി മരുന്ന വാങ്ങാൻ പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും 200000/-രൂപ ആയുർവ്വേദ ആശുപത്രിക്ക് അനുവദിച്ചതാണ്, അടുത്ത പ്രോജക്ട്. പ്രോജക്ട് സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പഞ്ച കർമ്മ ഒ.പി.ട്രീറ്റ്മെന്റിനായി മരുന്ന വാങ്ങൽ |
| നം. | S0056/17 |
| വിഭാഗം | ജനറൽ, തനത് ഫണ്ട് |
| അടങ്കൽ | 200000/- |
| ചെലവ് | 200000/- (ഔഷധിക്ക് മരുന്നിനായി പണം നൽകൽ) |
| ചെലവ് രേഖ | 1)ട്രഷറി സേവിങ്സ് ബാങ്ക് ചെക്ക് നം. 9680448 തീയ്യതി 22/12/2016 തുക 200000/- 2)ഔഷധി PNB അക്കൗണ്ട് നം.5913005900000015-ലേയ്ക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന 28/12/2016 -ന് നിക്ഷേപിച്ച 200000/-രൂപ. |

ഔഷധിയുടെ ഇൻവോയ്സ് നം.1241/16-17 തീയ്യതി 19/12/2016 പ്രകാരം 28/12/2016 -ൽ മെഡിക്കൽ ഓഫീസർ 200000/-രൂപ നൽകിയെങ്കിലും മരുന്നു ലഭിച്ചിട്ടുള്ളത് താഴെ പറയും പ്രകാരമാണ്.

| മരുന്ന് ലഭിച്ച ബിൽ/തീയതി | തുക |
|---|---|
| ബിൽ നം.2786 തീയ്യതി 30/12/2016 | 70839 |
| ബിൽ നം.4354 തീയ്യതി 27/2/2017 | 20482 |
| ആകെ ലഭിച്ചത് | 91321 |
| ലഭിക്കാനുള്ളത് | 108679 |

ഔഷധിക്ക് മരുന്നു വാങ്ങാൻ പണം നൽകിയാൽ 60 ദിവസങ്ങൾക്കുള്ളിൽ മരുന്നു ലഭ്യമാകണമെന്ന് ഗവൺമെന്റ് ഉത്തരവു നിലനിൽക്കുമ്പോൾ പണം നൽകിയിട്ട് 7 മാസം കഴിഞ്ഞിട്ടും മരുന്നു ലഭ്യമാക്കാത്തതിനാൽ 108679/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച്.

. കീഴ്മാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയിൽ 2016/17സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥയായി നിർവ്വഹിച്ച പ്രോജക്ടാണ് ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ.പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0161/16-17 |
| അടങ്കൽ | 200000/- |
| കാറ്റഗറി വിഭാഗം | ജനറൽ, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | 200000/- |
| ചെലവ് രേഖ | ബിൽ നം.1/2016-17തീയ്യതി 18/2/2017 തുക 100000/-<br>ബിൽ നം.2/2016-17തീയ്യതി 18/2/2017 തുക 100000/ |

മേൽപ്പറഞ്ഞ വിധത്തിൽ 200000/-രൂപയുടെ ഡി.ഡി.കേരളസ്റ്റേറ്റ് ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറുകയും അവർ 7/3/2017 – ലെ രശീതി ലഭ്യമാക്കുകയും ചെയ്തു.എന്നാൽ 5 മാസത്തിന് ശേഷവും മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാകാത്തതിനാൽ ചെലവ് തുക 200000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹിച്ച പ്രോജക്ടിലെ അപാകത

കീഴ്മാട് പഞ്ചായത്ത് പരിധിയിൽ പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ 2016-17 വർഷം നിർവ്വഹിച്ച പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.പ്രോജക്ട് സംബന്ധിച്ച

വിശദ വിവരം താഴെ പറയുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കീഴ്മാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ |
| നം. | S0110/17 |
| വിഭാഗം | ജനറൽ , സംരക്ഷണഗ്രാന്റ് റോഡിതരം |
| അടങ്കൽ | 400000/-രൂപ |
| ചെലവ് | 400000/-രൂപ |
| ചെലവ് രേഖ | a) ബിൽ.നം. 5/16-17തീയ്യതി 22/12/2016-381248/-രൂപ<br>b) ബിൽ.നം. 10/16-17തീയ്യതി 31/3/2017-18752/-രൂപ<br>ഡി.ഡി നം.149120 തീയ്യതി 28/12/2016 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകി |

(1)മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

അലോപ്പതി, ആയുർവ്വേദ ആശുപത്രികളിലേയ്ക്ക് സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ നിന്നുംമരുന്നുകൾ വാങ്ങുമ്പോൾ ഈ ഇനത്തിൽ ഉണ്ടായിട്ടുള്ള ആകെ വരവിന്റെ 10% ശതമാനമേ ചെലവഴിക്കാൻ പാടുള്ളൂ എന്ന് സർക്കാർ ഉത്തരവുണ്ട്.(നം.71/2008 ത.സ്വ.ഭ.വ. തീയ്യതി 12/3/2008) . സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ പഞ്ചായത്തിന് 2016-17 വർഷം വരവ് 2533378/-രൂപ മാത്രമാണ്.അതിന്റെ 10% 253338/-രൂപ മാത്രമാണ്.എന്നാൽ മരുന്നിനായി ചെലവഴിച്ചതാകട്ടെ 400000/-രൂപയും.ഇപ്രകാരം 146662/-രൂപ കൂടുതൽ ചെലവഴിച്ചതിന് കാരണം വ്യക്തമാക്കിയില്ല. അതുപോലെ, 12-ാം പദ്ധതി മാർഗ്ഗ രേഖ ജി.ഒ.(എം.എസ്.) 4/2016ത.സ്വ.ഭ.വ. 11/1/2016 പ്രകാരം, ആരോഗ്യസ്ഥാപനത്തിലേയ്ക്ക് മരുന്ന് വാങ്ങുന്നതിന് മുമ്പ് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് അനുശാസിക്കുന്നു.ആശുപത്രിയിലേയ്ക്ക് 400000/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുവേണ്ടി പ്രോജക്ട് നടപ്പാക്കിയപ്പോൾ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ പ്രോജക്ട് നിർവ്വഹിച്ചതിനാൽ ചെലവ് തുക 400000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(2) ആദായനികുതി ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ PHC 2016-17 വർഷം നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ വാഹനം കരാർ അടിസ്ഥാനത്തിൽ ഓടിയ വകയിൽ ഡ്രൈവർക്ക് (KL-41E- 5841-L തോമസ്സ് )താഴെപ്പറയുന്ന രീതിയിൽ പണം നൽകിയിട്ടുണ്ട്.

| വൗച്ചർനം./ തീയ്യതി | ഏത് മാസത്തേയ്ക്ക് എന്നത് | നൽകിയ തുക |
|---|---|---|
| വൗച്ചർ നം.19/16-17 തീയ്യതി 15/6/2016 | ഏപ്രിൽ - 2016 | 16000/- |
| വൗച്ചർ നം.37/16-17 തീയ്യതി 15/6/2016 | മെയ് - 2016 | 16000/- |
| വൗച്ചർ നം55/16-17 തീയ്യതി 1/8/2016 | ജൂൺ- 2016 | 16000/- |
| ഇല്ല | ജൂലൈ - 2016 | 13000/- |
| വൗച്ചർ നം.87/16-17 തീയ്യതി 2/11/2016 | ആഗസ്റ്റ് - 2016 | 16000/- |
| വൗച്ചർ നം.105/16-17 തീയ്യതി 2/11/2016 | സെപ്തംബർ - 2016 | 16000/- |
| വൗച്ചർ നം.123/16-17 തീയ്യതി 2/11/2016 | ഒക്ടോബർ - 2016 | 16000/- |
| വൗച്ചർ നം.141/16-17 തീയ്യതി 3/12/2016 | നവംബർ - 2016 | 16000/- |

| | | |
|---|---|---|
| വൗച്ചർ നം.155/16-17 തീയ്യതി 23/1/2017 | ഡിസംബർ - 2016 | 11000/- |
| വൗച്ചർ നം.174/16-17 തീയ്യതി 17/2/2017 | ജനവരി - 2017 | 16000/- |
| വൗച്ചർ നം.194/16-17 തീയ്യതി 1/3/2017 | ഫെബ്രുവരി - 2017 | 16000/- |
| വൗച്ചർ നം.215/16-17 തീയ്യതി 30/3/2017 | മാർച്ച് - 2017 | 16000/- |
| ആകെ നൽകിയത് | | 184000 |

ഇപ്രകാരം 184000/- രൂപ നൽകിയിട്ടും, വാഹനമോടിച്ച കരാറുകാരനിൽ (KL-41E- 5841 തോമസ്സ്) നിന്നും മെഡിക്കൽ ഓഫീസർ ആദായ നികുതി 1% ഈടാക്കിയിട്ടില്ല. 1840/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഗവൺമെന്റ് അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

കീഴ്മാട് ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്സ്. എരുമത്തല നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)എസ്.എസ്.എ വിഹിതം നൽകി വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് സംബന്ധിച്ച വിശദ വിവരം താഴെപ്പറയുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം നൽകൽ |
| പ്രോജക്ട് നം. | S0098/17 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 453284 |
| ചെലവ് | 453284 |
| ചെലവ് രേഖ | ബിൽ നം.1 /2016-17 തീയ്യതി 22/12/2016<br>ഡി.ഡി.നം.149116 തീയ്യതി 28/12/2016 |

ചെലവ് രേഖകൾ പ്രകാരം എസ്.എസ്.എ യ്ക്ക് വിഹിതം നൽകി യെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 453284/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
2)ലൈബ്രറി കൗൺസിൽ അംഗീകാരമില്ലാത്ത ലൈബ്രറികൾക്ക് പുസ്തക വിതരണം നടത്തി.
ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ മറ്റൊരു പ്രോജക്ടാണ് ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ.
പ്രോജക്ട് സംബന്ധിച്ച വിശദ വിവരം താഴെപ്പറയുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ലൈബ്രറികൾക്ക് ബുക്കുകൾ വാങ്ങി നൽകൽ |
| പ്രോജക്ട് നം. | S0100/17 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 50000/- |
| ചെലവ് | 50000/- |
| ചെലവ് രേഖ | ബിൽ നം.2/2016-17 തീയതി 28/3/2017 |

ചെലവ് രേഖ പ്രകാരം കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന് അവരുടെ അക്കൗണ്ട് നമ്പറിലേയ്ക്ക് പണം നൽകുകയും പുസ്തകം വാങ്ങുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള 7 ലൈബ്രറി കളിലേയ്ക്ക്

പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ലൈബ്രറി കൾക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമില്ലാത്തതിനാൽ ചെലവ് തുക 50000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 നിയമാനുസൃതം ആദായനികുതി പിടിച്ചിട്ടില്ല - കേന്ദ്ര ഫണ്ടിനുണ്ടായ നഷ്ടം 7040/-രൂപ

1 . കീഴ്മാട് ഗ്രാമപഞ്ചായത്തിന് വേണ്ടി വിവിധ കേസുകളിൽ ഹാജരായതിന് വക്കീൽ ഫീസായി അഡ്വ.ഷാനവാസ് ഖാന് താഴെപറയുംപ്രകാരം 56000 /- രൂപ 2016 -2017 വർഷം നൽകുകയുണ്ടായി. എന്നാൽ 1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം പ്രതിവർഷം 30000 /- രൂപയിൽ കവിഞ്ഞു നൽകിയ തുകയിൽ നിന്നും 10 % നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും പിടിച്ചതായി കാണുന്നില്ല.

| പേയ്മെന്റ് വൗച്ചർ | തീയതി | തുക |
|---|---|---|
| 21601136 | 8 / 3 / 2017 | 36000/- |
| 21601254 | 27 / 3 / 2017 | 20000 /- |
| | | ആകെ 56000 /- |

ആയതിനാൽ ആദായനികുതിയായി 5600/-രൂപ അഡ്വ.ഷാനവാസ് ഖാനിൽ നിന്നും ഈടാക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

2 . പേയ്മെന്റ് വൗച്ചർ നം.21600760 തീയതി 23 / 12 / 16 പ്രകാരം 13 / 4 / 16 മുതൽ 27/5/16 വരെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന് കരാറുകാരനായ ശ്രീ.കെ.കെ.പൗലോസിന് ഒരു ട്രിപ്പിന് 1600/- രൂ പ്രകാരം 90 ട്രിപ്പിന് ആകെ 144000/-രൂ.ചെക്ക് നം.42199/23.12.16 പ്രകാരം നൽകിയിരിക്കുന്നു. എന്നാൽ ആദായനികുതി നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം ഇളവ് പരിധിയായ 75000/-രൂപക്ക് മേൽ വരുന്ന തുകക്ക് 1 % നിരക്കിൽ ആദായനികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ ടിയാനിൽ നിന്നും ആദായനികുതിയായി 1440/-രൂപ ഈടാക്കേണ്ടതാണ്.

.

## 3-6 ISRO ക്ക് സമീപമുള്ള പ്രദേശങ്ങളിൽ കുടിവെള്ളവിതരണം - ചെലവ് സംബന്ധിച്ച് .

കീഴ്മാട് ഗ്രാമപഞ്ചായത്തിലെ 8, 9 വാർഡുകളിലെ ISRO ക്കു സമീപമുള്ള പ്രദേശങ്ങളിലെ വെള്ളത്തിൽ പെർക്ലോറൈഡ് രാസവസ്തു കലർന്നിട്ടുള്ളതിനാൽ ജനവാസമേഖലകളിൽ കുടിവെള്ളം പഞ്ചായത്ത് നേരിട്ട് ടാങ്കർ ലോറിയിൽ വിതരണം നടത്തിവരുന്നു. ഈ ഇനത്തിൽ പഞ്ചായത്തിൽനിന്നും കരാറുകാരനായ ശ്രീ വി.എ.സ്റ്റീഫന് 16 -17 വർഷത്തിൽ താഴെപറയും പ്രകാരം ആകെ 76500/- രൂപ നൽകിയിരിക്കുന്നു. ടി തുക ജലമലിനീകരണത്തിനു ഉത്തരവാദിയായ ISRO യിൽ നിന്നും ഈടാക്കുവാൻ നടപടിയെടുക്കേണ്ടതാണ്.76500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പേയ്മെന്റ് വൗച്ചർ നം | തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 21600388 | 11 .8 .16 | 12000 |
| 21600474 | 9 .9 .16 | 13500 |
| 21600582 | 28 .10 .16 | 12000 |
| 21600692 | 05 .12 .16 | 15000 |
| 21600872 | 17 .1 .17 | 12000 |
| 21 60 09 36 | 28 .1 .17 | 12000 |
| ആകെ | | 76500 |

## 3-7 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്സ് ബില്ലിൽ നിന്നും ആദായനികുതി കുറവു ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2016-17 ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടാണ് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്.പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെപ്പറയുന്നു.

| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്സ് |
|---|---|
| പ്രോജക്ട് നം. | 59/17 |
| വിഭാഗം | തനത് ഫണ്ട് |
| അടങ്കൽ | 600000/- |
| കരാറുകാരൻ | എം.ആർ അനിൽകുമാർ |
| ചെലവ് | 566900 |
| ബിൽ നമ്പർ | 69/16-17 |

ഈ പ്രവൃത്തിക്കായി മുകളിൽ പറയുംപ്രകാരം ആകെ 566900/- ചെലവുണ്ട്. ബില്ലിൽ നിന്നു VAT KCWWF മുതലായവ കുറവു ചെയ്ത് കരാറുകാരനു തുക നല്കി. എന്നാൽ ആദായനികുതി ബില്ലിൽ നിന്നും കുറവുചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിൽ (നം.9/10/8/17) മറുപടി നല്കിയിട്ടില്ല.

ആദായനികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 5669/-രൂപ ഈ കരാറുകാരനിൽ നിന്നു ഈടാക്കി കേന്ദ്ര സർക്കാരിൽ ഒടുക്കേണ്ടതാണ്.

## 3-8 അങ്കണവാടി നിർമ്മാണം, കൺവീനർക്ക് ചെലവായതിൽ അധികം തുക നൽകി

. കീഴ്മാട് ഗ്രാമ പഞ്ചായത്തിൽ 15-ാം വാർഡിൽ 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള 47-ാം നമ്പർ അങ്കൻവാടിയുടെ നിർമ്മാണം, ശ്രീമതി ജീന ബെന്ന കൺവീനറായും, ശ്രീമതി ഷീല ടീച്ചർ ചെയർമാനായും ഉള്ള ഗുണഭോക്തൃ സമിതിയെയാണ്, പഞ്ചായത്ത് കമ്മിറ്റിയുടെ 04/08/2016-ലെ 1(2)-ാം നമ്പർ തീരുമാനപ്രകാരം ചുമതല ഏല്പിച്ചിരുന്നത്. പദ്ധതി സംബന്ധിച്ച വിശദവിവരം താഴെ പറയുന്നു.

| | |
|---|---|
| പദ്ധതി നം. | 148/2016-17 |
| എസ്റ്റിമേറ്റ് തുക | 49500/- |

| | |
|---|---|
| എം.ബുക്ക് നം. | 01/2016-17 |

22/11/2016-ലെ 1/AE/kzmd/16-17-ാംനമ്പർ പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർ എഗ്രിമെന്റ് വെച്ച് പണി ഏറ്റെടുക്കുകയും, എം.ബുക്ക് പ്രകാരം 1/3/2017-ൽ പണിപൂർത്തീകരിച്ച്, പണിയുടെ മൊത്തം മൂല്യ (എം.ബുക്ക് പേജ് നം.71 പ്രകാരം) മായ 466941/-രൂപയിൽ നിന്നും ആദായ നികുതി 2% കിഴിച്ച് ബാക്കി തുക 457836/-കൺവീനർക്ക് രണ്ടു ഗഡുക്കളായി നൽകി.(ചെക്ക് നം. - തീയ്യതി 26/12/2016 തുക-288196,ചെക്ക് നം.2232100 - തീയ്യതി 16/03/2017 തുക-169640 ആകെ -457836/-രൂപ)

ടി.പ്രവർത്തിയുമായി ബന്ധപ്പെട്ട് 25/02/2017-ൽ വാർഡ് മെമ്പർ ശ്രീമതി.പൗലി ജോണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ നിർമ്മാണത്തിന് ചിലവായ 440000/-രൂപയുടെ ചെലവു കണക്കുകൾ താഴെപ്പറയും പ്രകാരം അവതരിപ്പിക്കുകയും, അംഗീകരിക്കുകയും ചെയ്തു.

| | |
|---|---|
| സിമന്റ് 75 ബാഗ് | 30000/- |
| സിമന്റ് കട്ട | 65000/- |
| കട്ടിള,ജനൽ മുതലായവയ്ക്ക് | 228700/- |
| കൂലി ഇനം | 116300/- |
| ആകെ | 440000/- |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവർത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട 13/11/2014-ലെ സർക്കുലർ നം.1/1559/2010/സി.ഇ./ത.സ്വ.ഭ.വ. പ്രകാരമുള്ള നിർദ്ദേശങ്ങളിൽ, ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ്, അതായിരിക്കും എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച്, വർക്കിന്റെ മൊത്തം മൂല്യം 440000/-രൂപ എന്ന് കണക്കാക്കുന്നതിന് പകരം, എം.ബുക്ക് പ്രകാരമുള്ള 466941/-രൂപയാണ് ചെലവായി അംഗീകരിച്ചിരിക്കുന്നതും, അതിന്റെ അടിസ്ഥാനത്തിലാണ് നികുതിയും മറ്റും ഈടാക്കിയിരിക്കുന്നതും. കൺവീനർക്ക് യഥാർത്ഥത്തിൽ ചെലവായതിൽ അധികം തുക നൽകേണ്ടതില്ല എന്നിരുന്നിട്ടും അളവുപുസ്തക പ്രകാരമുള്ള മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയത്.

കൺവീനർക്ക് ടി.പ്രവർത്തിയിൽ നൽകിയിട്ടുള്ള അധികതുക(457836-440000 ) 17836/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി പഞ്ചായത്ത് നിധിയിൽ ഒടുക്കേണ്ടതാണ്.

## 3-9 ഉപയോഗത്തിലില്ലാത്ത പൊതു ടാപ്പുകൾക്കായി വൻ തുക കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നു

. കീഴ്മാട്ട് ഗ്രാമ പഞ്ചായത്തിൽ പൊതു ടാപ്പുകൾ വാട്ടർ ചാർജ്ജിനത്തിൽ ഓരോ മാസവും കേരള വാട്ടർ അതോറിറ്റിയിൽ 111563/-രൂപ പഞ്ചായത്ത് അടവാക്കുന്നുണ്ട്.വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകുന്ന ഡിമാന്റ് നോട്ടീസിൽ 255/-പൊതുടാപ്പുകൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടെന്നും, ഓരോ ടാപ്പിനും 5250/- രൂപയാണ് വാർഷിക വാടകയിനത്തിൽ ഈടാക്കുന്നതെന്നും അറിയിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്ത് പരിധിയിൽ എത്ര പൊതു ടാപ്പുകൾ ഉണ്ടെന്നും, അവയിൽ എത്രയെണ്ണം ഗുണഭോക്താക്കൾക്ക് ഉപയുക്തമാകുന്നുണ്ടെന്നും ഉള്ള വിവരം വ്യക്തമാക്കുന്ന തരത്തിൽ യാതൊരു രജിസ്റ്ററും പഞ്ചായത്ത് പരിപാലിക്കുന്നില്ല.എന്നുമാത്രമല്ല , കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഒരു സംയുക്ത പരിശോധന നടത്തുന്നതിനായി പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുമില്ല.

. പൊതു ടാപ്പുകളിൽ പലതും ഉപയുക്തമല്ലാത്തതും,അനാവശ്യമായി നിലനിൽക്കുന്നതുമാണെന്ന് പഞ്ചായത്തിൽ ഓഡിറ്റ് വർഷം ലഭ്യമായ പരാതികളിൽ ചിലതു് വ്യക്തമാക്കുന്നു.

. ഉദാഹരണത്തിന്, പഞ്ചായത്ത് കമ്മിറ്റിയുടെ 27/04/2016 തീയ്യതിയിലെ 6-ാം നമ്പർ തീരുമാനത്തിൽ അശോക പുരം കാർമ്മൽ ആശുപത്രിയുടെ സമീപം താമസിക്കുന്ന

ആളുകൾ,തങ്ങൾ താമസിക്കുന്ന പ്രദേശത്തുള്ളവർക്ക് വാട്ടർ കണക്ഷൻ ഉള്ളതാണെന്നും , ടി.പ്രദേശത്തുള്ള പൊതു ടാപ്പ് നീക്കം ചെയ്യണമെന്നും കാണിച്ച് നൽകിയ പരാതിയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.ഇതിൽ നിന്നും ഓഡിറ്റിന് വ്യക്തമാകുന്നത് ഉപയോഗമില്ലാത്ത ധാരാളം പൊതുടാപ്പുകൾ പഞ്ചായത്തിൽ നിലനിൽക്കുന്നു എന്നതാണ്.ഉപയുക്തമല്ലാത്ത പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന അടിയന്തിരമായി നിർവ്വഹിക്കേണ്ടതും, അധിക ബാദ്ധ്യതയിൽനിന്നും പഞ്ചായത്തിനെ ഒഴിവാക്കേണ്ടതുമാണ്.സംയുക്ത പരിശോധനയ്ക്ക് കാലതാമസം ഉണ്ടാകുന്ന പക്ഷം പഞ്ചായത്ത് അധികൃതർ (ജീവനക്കാരും ജനപ്രതിനിധികളും) നേരിൽ പരിശോധന നടത്തി ഉപയോഗമില്ലാത്ത പൈപ്പുകളുടെ വിവരങ്ങൾ ശേഖരിയ്ക്കേണ്ടതും അവയുടെ കണക്ഷൻ റദ്ദാക്കാൻ KWA യോട് നിർദ്ദേശിക്കേണ്ടതുമാണ്.

വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 115500 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പദ്ധതി | 115500 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 90000 | നെൽകൃഷി വികസനം | 90000 | 0 |

. 2016-17 വർഷം സംയുക്തപ്രൊജക്ടുകൾക്കുവേണ്ടി വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച വിഹിതം മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2008-09 വർഷം മുതൽ വിവിധ സംയുക്തപ്രൊജക്ടുകൾക്കുവേണ്ടി ലഭിച്ച തുകയിൽ ഇനിയും ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുകയുടെ വിവരം താഴെപ്പറയുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുക |
|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | അങ്കണവാടി നിർമ്മാണം | 43,503 |
| ബ്ലോക്ക്പഞ്ചായത്ത് | പൂരക പോഷകാഹാരം (ബ്ലോക്ക്പഞ്ചായത്ത് വിഹിതം) | 135 |

. ഈ തുക ചെലവഴിക്കുകയോ, അല്ലാത്തപക്ഷം ബന്ധപ്പെട്ട ഏജൻസിക്ക് തിരികെ നല്കുകയോ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളവാട്ടർ അതോറിറ്റി | വിരിപ്പ് തുലാപ്പാടം റോഡിൽ കുടിവെള്ളമെത്തിക്കൽ | 21601274/30.3.17 | 100000 | 0 | 100000 |
| കേരളവാട്ടർ അതോറിറ്റി | സ്റ്റേഡിയം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601010/8.2.17 | 2,92000 | | 2,92000 |
| കേരളവാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21601283&21601325/ 30.3.17 | 505000 | | 505000 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റിട്ട് സ്ട്രീറ്റ് ലൈൻ വലിക്കൽ( പ്രോ.45) | 21601293&21601372 | 298760 | | 298760 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റിട്ട് സ്ട്രീറ്റ് ലൈൻ വലിക്കൽ( പ്രോ.61) | 21601293/30.3.17 | 299920 | | 299920 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റിട്ട് സ്ട്രീറ്റ് ലൈൻ വലിക്കൽ( പ്രോ.45) | 21601288&21601298 | 396320 | | 396320 |
| കെ.എസ്.ഇ.ബി | പോസ്റ്റും ഇലക്ട്രിക് ലൈനും മാറ്റിയിടൽ. | -- | 88757 | | 88757 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3654324 |
| തൻവർഷം നിക്ഷേപിച്ച തുക ഇല്ല (പലിശ) | 162571 |
| ആകെ | 3654324 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3654324 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| 9985/113286 | 3654324 |
| ആകെ | 3654324 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ ഉദ്യോഗപ്പേര് | രശീതി നം./ തീയതി |
|---|---|---|---|---|
| 2015-16 | 2-5 | 1200 | രത്ന ഫൈനാൻസിയേഴ്സ് | 11607109281 dtd27-3-2017 |
| 2015-16 | 2-5 | 2500 | കാനറാബാങ്ക് ചുണങ്ങം വേലി | 11607500203 dtd16-3-2017 |
| 2015-16 | 2-5 | 1250 | സിവിൽ സപ്ളൈസ് ഡിപ്പോ | 11501103345 dtd 31-8-2016 |
| 2015-16 | 2-5 | 1250 | കുട്ടമശ്ശേരി സർവ്വീസ് സഹകരണബാങ്ക് | 116071088232 dtd 2-3-2017 |
| 2015-16 | 2-5(2) | 2500 | പുരുഷോത്തം പാക്കേജിങ് അശോകപുരം | 11607106572 dtd 30/12/2016 |
| 2015-16 | 2-5(2) | 2500 | ഹൈടെക് അപ്ളയൻസ്സസ് | 11607500132 dtd 17/2/2017 |
| 2015-16 | 2-5(2) | 2500 | ഗ്രീൻ വാലി സ്പെസിഫൈഡ് റബ്ബർ | 11607107415 dtd 13/2/2017 |
| 2015-16 | 2-5(3) | 3844 | ന്യൂ ഈറ ക്ളീനിക് കുട്ടമശ്ശേരി | 11607107022 dtd 24-1-2017 |
| 2015-16 | 3-4 | 1800 | ശ്രീ.മജീദ് സെക്രട്ടറി കീഴ്മാട് പഞ്ചായത്ത് | 116071099049 dtd22-3-2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-2001 | 8 & 9 | 2003-2004 | മരാമത്ത് പണികൾക്ക് അധികം തുക നല്കിയത് | - | പരിഹരിച്ചിട്ടില്ല |
| 2008-2009 | 3-4 | 2012-2013 | പട്ടികജാതിക്കാർക്ക് സ്വയം തൊഴിൽ പരിശീലനകേന്ദ്രം- | ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ല | പരിഹരിച്ചിട്ടില്ല |

.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 60191280 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58101066 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 15526 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 17836 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 15526/- | | മജീദ് സി.എം<br>സെക്രട്ടറി |
| 3-8 | | 17836 | ബിജിമോൾ ഭാസ്കർ,<br>അസി.എഞ്ചിനീയർ |
| ആകെ | 15526 | 17836 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 (2) | 108679/- | ഡോ.സിമി.എൻ.<br>മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദം |
| 3-2 | 200000/- | ഡോ.എം.ആർ.സിന്ധു<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ |
| 3-3 (1) | 400000/- | ഡോ.ലിസ്യൂക്സ് സെബാസ്റ്റ്യൻ<br>മെഡിക്കൽ ഓഫീസർ<br>(ആരോഗ്യം) |
| 3-4 (1) | 453284/- | ശ്രീമതി.ജി.രാധ<br>എച്ച്.എം.ജി.എൽ.പി.എസ്.എരുമത്തല |
| 3-4 (2) | 50000/- | ശ്രീമതി.ജി.രാധ<br>എച്ച്.എം.ജി.എൽ.പി.എസ്.എരുമത്തല |
| 3-6 | 76500/- | ശ്രീ.വി.ആർ.ജോഗേഷ് കുമാർ,<br>സെക്രട്ടറി |
| ആകെ | 1288463/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3(2) | 1,840/-<br>(ആദായനികുതി) | ഡോ.ലിസ്യൂക്സ്<br>സെബാസ്റ്റ്യൻ<br>മെഡിക്കൽ ഓഫീസർ<br>(ആരോഗ്യം) |

| | | |
|---|---|---|
| 3-5 (1) | 5600/- (ആദായനികുതി) | ശ്രീ.ഡാർളി ആന്റണി സെക്രട്ടറി |
| 3-5 (2 | 1440/- (ആദായനികുതി) | ശ്രീ.ഡാർളി ആന്റണി സെക്രട്ടറി. |
| 3-7 | 5669 (ആദായനികുതി) | ശ്രീ.ഡാർളി ആന്റണി സെക്രട്ടറി. |
| ആകെ | 14549 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസമത്തിൽ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മജീദ് സി.എം സെക്രട്ടറി | സെക്രട്ടറി | ഗ്രീൻ ഹൗസ്,ചേലാട് പത്തനാപുരം, കൊല്ലം |
| ശ്രീമതി.ബിജിമോൾ ഭാസ്കരൻ | അസി.എൻജിനീയർ | കാഞ്ഞിരക്കാടൻ (H) കൊമ്പനാട് പി.ഒ. പിൻ – 683546 |
| ഡോ.ലിസ്യസ് സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (phc) | പറമ്പലോത്ത് (h) സലിം – രാജൻ റോഡ് ഇളംകുളം |
| ശ്രീ.വി.ആർ.ജോഗേഷ് കുമാർ | സെക്രട്ടറി,ഗ്രാമ പഞ്ചായത്ത് | - |
| ശ്രീ.ഡാർളി ആന്റണി | സെക്രട്ടറി,ഗ്രാമപഞ്ചായത്ത് | 11/2363 റാഫാപ്പിള്ളിൽ(h) കണ്ണൻ മാസ്റ്റർലൈൻ വാല്യമ്മേൽ റോഡ് തോപ്പുംപടി – 682005 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽഎഫ്ഇ(പി3)1175/01, 21.12.01/18.3.02 |
| 2000-01 (പി.വി.) | എൽഎഫ്ഇ (പി3)127/03, 11.12.03/13.2.04 |
| 2000-01 (പദ്ധതി ഒഴികെ ചെലവ്) | എൽഎഫ്ഇ(പി3)1594/06, 15.1.07/10.4.07 |
| 2000-01 (വരവ്) 2001-02 (പദ്ധതി ഒഴികെ ചെലവ്) | എൽഎഫ്ഇ(പി3)1596/06, 15.1.07/10.4.07 |

| | |
|---|---|
| 2001-02 (പദ്ധതി ചെലവ്) | എൽഎഫ്ഇ(പി3)1270/03, 11-12-03/3-2-04 |
| 2002-03 (ചെലവ്) | എൽഎഫ്ഇ(പി3)1592/06, 15.1.2007/10.4.2007 |
| 2003-04 | എൽഎഫ്ഇ(പി3)1967/07, 27-3-2006 |
| 2009-10, 2010-11 & 2011-12 | എൽഎഫ്ഇ(പി5)1728/12, 4-10-2012 |
| 2012-13 | എൽഎഫ്ഇ(പി5)532/14, 17-5-14/10-6-14 |
| 2013-14 | കെ.എസ്.എ ഇകെഎം(പി5)1426/15 17-08-15/31-08-15 |
| 2014 -15 | കെ.എസ്.എ ഇകെഎം(പി5)1426/15 17-08-16/31-08-16 |
| 2015-16 | കെ.എസ്.എ ഇകെഎം(പി5)1978/16 തീയ്യതി 13-12-2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഇ.കെ.എം(പി5)16482017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 27/09/2017

. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

## APPENDIX – I

## AUDIT CERTIFICATE – 2016-17

No.KSA-EKM(P5)1648/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 27/09/2017

Certified that I have audited the Annual Financial Statement of Keezhmadu Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Keezhmadu Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

.

Deputy Director